# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 352      23.01.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡ് മുൻഗണന ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻഗണനാ ലിസ്റ്റിൽ അനർഹമായി ഉൾപ്പെട്ട റേഷൻ കാർഡ് ഉടമകളെ ഒഴിവാക്കുന്നതിനും ഹിയറിംഗ് നടത്തി അർഹരാണെന്ന് ബോധ്യം വന്നിട്ടുള്ള കാർഡ് ഉടമകളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. ഇതേവരെ രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തി യിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻകടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമ ങ്ങൾ തുടർന്നു വരുന്നു. പൊതുവായ പരാതി കളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര സർക്കാർ ജീവനക്കാരെ അർഹരല്ലെന്ന് കണ്ട് ഒഴിവാക്കിയിട്ടുണ്ട്; | (ബി) | 91169 |
| (സി) | പ്രസ്തുത ലിസ്റ്റ് കുറ്റമറ്റതാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ? | (സി) | അനർഹരെ കണ്ടെത്തി പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് താഴെ പറയുന്ന ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) നാല് ചക്ര വാഹനമുള്ളവരുടെ പട്ടിക മോട്ടോർ വാഹന വകുപ്പ് നൽകിയതുമായി പരിശോധിച്ച് മുൻഗണനാ/എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുന്ന തിനുള്ള നടപടി തുടർന്നു വരുന്നു.<br>2) തദ്ദേശ സ്വയം ഭരണ വകുപ്പ് നൽകിയിട്ടുള്ള പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ